# ലൈലത്തുൽ ഖദ്ർ

വിധിനിർണയ രാവ്.
ഖുർആൻെറ മാഹാത്മ്യവും പുണ്യവും ഗാംഭീര്യവും ലോകത്തെ ബോധ്യപ്പെടുത്താൻ വിസ്മയം നിറഞ്ഞ സ്വരത്തിൽ അതിൻെറ പ്രഥമ അഭിസംബോധിതനായ പ്രവാചകൻ മുഹമ്മദിനോട് ഏകദൈവം ചോദിച്ചു:
*വിധിനിർണയ രാവ് എന്തെന്ന് നിനക്കറിയുമോ?"*

അക്കാര്യം വിശുദ്ധ ഖുർആൻ അദ്ദേഹത്തിലൂടെ ലോകത്തെ ഇങ്ങനെ പഠിപ്പിച്ചു:

* അത് റമദാനിലെ അവസാന പത്ത് ദിനങ്ങളിലെ ഒരു രാവ്. 83 വർഷത്തിലധികം ദൈർഘ്യമുള്ള സപര്യയിലൂടെ ഒരു സത്യവിശ്വാസി സ്വന്തമാക്കുന്ന പുണ്യത്തെക്കാൾ നന്മയോലുന്നതാണ് ആ ഏക രാവ്. അഥവാ, ആയിരം ചാന്ദ്രിക തിങ്കളുകളെക്കാൾ ഉദാത്തമാണത്.

* ആ രാവിലാണ് ലോകത്തിൻെറ ഭാഗധേയം നിർണയിക്കാൻ പര്യാപ്തമാം വിധം സത്യാസത്യ വിവേചകമായി വിശുദ്ധ ഖുർആന് അവതരണ നാന്ദി കുറിക്കപ്പെട്ടത്. അത് കേവലം അവതരണമായിരുന്നില്ല, ലോകത്തിൻെറ മുഴുവൻ ഭാഗധേയം മാറ്റിമറിക്കപ്പെടുവാൻ പര്യാപ്തമായതാണത്. അത് ജീവിതത്തിൻെറ വഴികാട്ടിയായി അംഗീകരിച്ചവർക്ക് സൗഭാഗ്യകരമായ ജീവിതത്തിൻെറ വിധിനിർണയമാണുണ്ടാകുക. അതിനെ ധിക്കരിച്ചവർക്കും അംഗീകരിക്കാത്ത വർക്കും ദൗർഭാഗ്യത്തിൻെറ വിധിനിർണയവുമാണ് ലഭിക്കുക.

* അടുത്ത വർഷത്തേക്ക് മനുഷ്യജീവിതത്തിൽ ഉണ്ടാകേണ്ട സൗഭാഗ്യ ദൗർഭാഗ്യങ്ങ ളുടെ ഭാഗധേയം ആ രാവിൽ സംഭവിക്കുന്നു.

* പ്രഭാതം വരെ മാലാഖമാർ തഴുകുന്ന ആ പുണ്യദ്യോവ് സമാധാനത്തിൻെറ യാമങ്ങളാണ്. ആ രാവിൽ തിന്മകൾ അശേഷം ഉണ്ടാവുകയില്ല. എല്ലാ സത്യവിശ്വാസികൾക്കും ദൈവം അന്ന് അളവറ്റ പുണ്യവു നന്മയും തന്നിൽനിന്നുള്ള ഔദാര്യമായി നല്കുന്നു.

സത്യവിശ്വാസികൾക്ക് പശ്ചാത്താപത്തിൻെറതാണ് ആ രാത്രി. തെറ്റുകളിൽനിന്നുള്ള പശ്ചാത്താപം. അതാണ് റമദാൻ വ്രതത്തിൻെറ ആത്മാവ്.

മാതൃഗർഭത്തിൽ ഒരിക്കൽ മാത്രമാണ് മനുഷ്യജന്മം സാധിക്കുന്നത്. വിധിനിർണയ രാവിലെ പശ്ചാത്താപ വിവശമായ യാമങ്ങളോടെ അവൻ മറ്റൊരു ജന്മത്തിലേക്ക് എഴുന്നേല്ക്കുന്നു. പാപസുരക്ഷതിതമായ അവസ്ഥയിലേക്കുള്ള മാറ്റം. കുറ്റം ഏറ്റുപറഞ്ഞുള്ള അടിമയുടെ പശ്ചാത്താപത്തെക്കാൾ സ്രഷ്ടാവിന് സന്തോഷ കരമായി മറ്റൊന്നുമില്ല.

*തന്നെ സൃഷ്ടിച്ചു പരിപാലിക്കുന്ന ഏകദൈവത്തെ കണ്ടെത്തിയ ദാസൻെറ പുതുമാനസത്തെക്കാൾ മഹത്തായതൊന്നും ദൈവത്തിങ്കലില്ല. ഈ ലോകത്തിലെ സർവതിനെക്കാളും മഹത്തരമായ കൃത്യമാണ് അത്.*

അന്ന് സുകൃതികളായി കർമപുസ്തകത്തിൽ പേർ രേഖപ്പെടുത്തുവാനാണ് ഓരോ വിശ്വാസിയുടെയും ശ്രമം. അതിനായി അവൻ ആ രാവ് സജീവമായി ആരാധനകളിൽ ഏർപ്പെടുന്നു, ദാനധർമങ്ങൾ ചെയ്യുന്നു. കാരണം, ആ രാവിൽ എല്ലാ കർമങ്ങൾക്കും അനേകമിരട്ടി പ്രതിഫലമുണ്ട്. അന്നാണ് വിശ്വാസിക്ക് നരകമുക്തി കൂടുതൽ ലഭിക്കുന്നത്. അന്ന് ദൈവത്തിൻെറ ഔദാര്യം കണക്കറ്റ് ലഭിക്കുന്നു.

റമദാനിൻെറ ഒടുവിലെ ഒറ്റപ്പെട്ട ഒരു രാവ്. അനുഗ്രഹാശിസ്സുകളാൽ നിർവൃത രാവാണത്. പശ്ചാത്താപ വിവശരും സച്ചരിതരുമായവർക്ക് അന്ന് അനുഗ്രഹാശിസ്സുകൾ.